കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# മേലില ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് കൊല്ലം ജില്ലാ

സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം

e-mail:doklm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ-കെ.എൽ.എം. പി3-1889/16 കേരള സംസ്ഥാന ഓഡിറ്റ് സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം,

കൊല്ലം ജില്ല

തീയതി, 31/01/2017

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

മേലില ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : മേലില ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

***********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മേലില ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം കെ.എസ്.എ-കെ.എൽ.എം.പി3- 1889/16 തീയതി, 31/1/2017.

# കൊല്ലം ജില്ലയിലെ മേലില ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെട്ടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ മേലില ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01-04-2016 മുതൽ 19-11-2016 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 10 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 3 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | | |
|---|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീമതി.ഗീത.എം, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 21-11-2016മുതൽ 28-11-2016വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീ.ഐസക് ജോൺ | ഓഡിറ്റ് ഓഫീസർ |
| | | ശ്രീമതി.സിജാറാണി.എസ്. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ. |

| | | | |
|---|---|---|---|
| | | ശ്രീ.ജോസ് തോമസ്. | സീനിയർ ഗ്രേഡ് ഓഡിറ്റർ. |
| | | ശ്രീമതി.ശ്രീലക്ഷ്മി.കെ. | ഓഡിറ്റർ. |

(ബി)നിർവ്വഹണാധികാരികൾ

| | | | |
|---|---|---|---|
| പ്രസിഡന്റ് | : | ശ്രീമതി. ആർ. ആനന്ദവല്ലിഅമ്മ. | 01-04-2015മുതൽ 31-10-2015 വരെ |
| | | ഭരണനിർവ്വഹണസമിതി | 01-11-2015മുതൽ 11-11-2015 വരെ |
| | | ശ്രീ. പി. പ്രസാദ്. | 12-11-2015മുതൽ 31-03-2016 വരെ |
| സെക്രട്ടറി | | ശ്രീമതി. ഉഷാകുമാരിഅമ്മ. | 01-04-2015മുതൽ 31-03-2016 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | | ശ്രീ. സി. മൈക്കിൾ. | 01-04-2015മുതൽ 31-03-2016 വരെ |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി | | ഡോ. എലിസബത്ത് എബ്രഹാം | 01-04-2015മുതൽ 31-03-2016 വരെ |
| മെഡിക്കൽ ഓഫീസർ ഹോമിയോ | : | ഡോ.ഷീജാ.ബി.ജെ. | 01-04-2015മുതൽ 02-12-2015 വരെ |
| | | ഡോ.രജനിഗോപാലകൃഷ്ണൻ | 02-12-2015മുതൽ 31-03-2016 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | | ശ്രീമതി. സിജി മജീദ് | 01-04-2015മുതൽ 31-03-2016 വരെ |

| | | | |
|---|---|---|---|
| വി.ഇ.ഒ | | ശ്രീമതി. സന്ധ്യ.റ്റി | 01-04-2015മുതൽ<br>31-03-2016 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | | ശ്രീമതി.ഹസീന.എ | 01-04-2015മുതൽ<br>31-03-2016 വരെ |
| കൃഷി ഓഫിസർ | | ശ്രീമതി. സംഗീത. എസ് | 01-04-2015മുതൽ<br>31-03-2016 വരെ |
| വെറ്ററിനറി സർജൻ | | ഡോ.ബിന്ദു.കെ.വി | 01-04-2015മുതൽ<br>23-09-15 വരെ |
| | : | ഡോ.അജിത്ത്.പി | 24-09-2015മുതൽ<br>31-03-2016 വരെ |

## ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1. |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2. |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3. |
| 4 | സാമ്പത്തിക വിശകലനം | 1-4. |
| 5 | ഫണ്ട് വിനിയോഗം | 1-5. |
| 6 | പദ്ധതി അവലോകനം. | 1-6. |
| 7 | തനത് വരുമാനം. | 1-7. |
| 8 | ക്ഷേമപദ്ധതികൾ | 1-8. |

| | | |
|---|---|---|
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9. |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10. |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11. |
| | ഭാഗം 2 | |
| 12 | രസീത് ബുക്കുകളുടെ സൂക്ഷിപ്പ് | 2-1 |
| 13 | തൊഴിൽ നികുതി | 2-2 |
| 14 | തൊഴിൽ നികുതി ഈടാക്കിയതിൽ സംഭവിച്ച നഷ്ടം | 2-3 |
| | ഭാഗം -3 | |
| 15 | പട്ടികജാതി വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം -കുറഞ്ഞ നിരക്കിലുള്ള ടെണ്ടർ അംഗീകരിച്ചില്ല | 3-1 |
| 16 | ഉയർന്ന നിരക്ക് അംഗീകരിച്ച് പർച്ചേസ് നടത്തിയതു മൂലം പഞ്ചായത്ത് ഫണ്ടിന് നഷ്ടം | 3-2 |
| 17 | ആശ്രയ ഫണ്ട് ചെലവഴിച്ചിട്ടില്ല | 3-3 |
| 18 | സ്കൂൾ പ്രവേശനോൽസവം ചെലവ് രേഖകൾ ഹാജരാക്കിയില്ല -5000/- രൂപ തടസ്സപ്പെടുത്തുന്നു. | 3-4 |
| 19 | മേൽക്കൂര നവീകരണം -പദ്ധതി നടത്തിപ്പിനുള്ള പണം പിൻവലിക്കലുകളിൽ അപാകത | 3-5 |
| 20 | ശാരീരിക-മാനസിക വൈകല്യമുള്ള കുട്ടികൾക്ക് അർഹമായ ആനുകൂല്യം നൽകുന്നില്ല | 3-6 |
| 21 | മരുന്ന് ലഭിച്ചിട്ടില്ല | 3-7 |
| 22 | ഇൻക്രിമെൻറ് കുടിശ്ശിക-അധികം തുക കൈപ്പറ്റിയിരിക്കുന്നു. | 3-8 |

| | | |
|---|---|---|
| 23 | തൊഴിൽ രഹിത വേതനം -തുക വിതരണം ചെയ്ത കാലയളവ് തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു. | 3-9 |
| 24 | റോഡ് ടാറിംഗ് പ്രവൃത്തികളിൽ ആവശ്യകതയിൽ കൂടുതൽ അളവിൽ ഉപയോഗിച്ച ടാറിന് കൺവീനർക്ക് തുക അനുവദിച്ചു - 4103/-രൂപ- നിരാകരിക്കുന്നു | 3-10 |
| 25 | ലോഗ്ബുക്ക് -അപാകതകൾ | 3-11 |
| 26 | MGNREGS -പൊതു സ്ഥലങ്ങളിൽ വൃക്ഷത്തൈ നടീൽ പദ്ധതി -4808/- രൂപ നിരാകരിക്കുന്നു. | 3-12 |
| 27 | പ്രോജക്ട് നം-SO063/16-ഗ്രാക്കോട് വള്ളിത്തറ ഏലാറോഡ് കോൺക്രീറ്റിംഗ്-ഫൈനൽ ബിൽ തയ്യാറാക്കിയതിലെ അപാകത- | 1207/- |
| 28 | പ്രോജക്ട് നം-SO035/16-കൈനാത്തുവിള ഭാഗം റോഡ് പുനരുദ്ധാരണം -എസ്ററിമേറ്റിൽ അളവ് തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നതിനാൽ അധികം തുക ചെലവഴിച്ചു- | 4126/- |
| 29 | പ്രോജക്ട് നം. SO-114/16-വില്ലൂർ കടമ്പ്ര റോഡിന് സൈഡ് കെട്ട്-അപാകതകൾ-നിരാകരിക്കുന്ന തുക-1650/-രൂപ -16000/-രൂപ തടസ്സപ്പെടുത്തുന്നു. | 3-16 |
| | <u>ഭാഗം 4</u> | |
| 31 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 32 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 33 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 34 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |

| | | |
|---|---|---|
| 35 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 36 | ഓഡിറ്റ് റിക്കവറി | 4-6 |
| 37 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 38 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 39 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 40 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം-1 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 21/03/2015 തിയതിയിലെ ഒന്നാം തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2016 | 20-07-2016 | | |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2015-16 | 21-11-2016 | സർട്ടിഫിക്കറ്റ് റിപ്പോർട്ടിനൊപ്പം ഉൾപ്പെടുത്തിയിട്ടുണ്ട്. |

*(ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീപ്റ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.)*

### വാർഷിക ധനകാര്യപത്രികയിലെ ന്യൂനതകൾ

1. വസ്തു നികുതി ഡിമാൻറ് രജിസ്റ്ററിൽ വാർഡ് അടിസ്ഥാനത്തിലുള്ള തൻ വർഷത്തിലെ നികുതി ഡിമാൻറ് വിവരം രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിരിക്കുന്ന തുകയുടെ കൃത്യത വ്യക്തമല്ല.

2.ആസ്തികളുടെ മൂല്യം കണക്കാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക ധനകാര്യ പത്രികയിലുൾപ്പെട്ടിരിക്കുന്ന തുകയുടെ കൃത്യത വ്യക്തമല്ല.

3.നോൺ ബാങ്കിംഗ് ട്രഷറിയിലൂടെ ധനമിടപാടുകൾ നടത്തുന്നതിനാൽ പിൻവലിക്കുന്ന ചെലവ് തുകകൾ നിക്ഷേപിക്കുന്നതിനായി ആരംഭിച്ച അക്കൌണ്ടിലുള്ള തുക മുൻബാക്കിയിലും നീക്കി ബാക്കിയിലും ഉൾപ്പെടുത്തിയിരിക്കുന്നു.

4.വിവിധ നികുതി നികുതിയേതര വരവിനങ്ങളിലുള്ള മുൻകൂർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

5. പാർട്ട് പേയ്മെൻറ് നടത്തിയതിൻറ വിവരം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലാത്തതിനാൽ തുകയുടെ കൃത്യത പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 15400277 |
| വരവ് | 41780016 |
| ആകെ | 57180293 |
| ചെലവ് | 49112585 |
| നീക്കിബാക്കി | 8067708 |

14-15 സാമ്പത്തികവർഷത്തിൽ പതിമൂന്നാം ധനകാര്യ കമ്മീഷൻ ഗ്രാന്റിനത്തിൽ 16000/-രൂപ ട്രഷറിയിൽ തെറ്റായി ക്രെഡിറ്റ് ചെയ്തത് ഒഴിവാക്കിയിരിക്കുന്നതിനാൽ മുൻവർഷത്തിലെ നീക്കി ബാക്കി തുകയുമായി പൊരുത്തപ്പെടില്ല.

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് (%) |
|---|---|---|---|---|---|---|
| വികസന ഫണ്ട് പൊതു വിഭാഗം | 1916043 | 5729223 + 2340311 | 9985577 | 9985577 | 0 | 100 |
| വികസനഫണ്ട് എസ്.സി.പി. | 640490 | 4751030 | 5391520 | 5391520 (TC178590) | 0 | 100 |
| വികസനഫണ്ട് ടി.എസ്.പി. | ----- | 24000 | 24000 | 24000 | 0 | 100 |
| സംരക്ഷണഗ്രാന്റ് റോഡ് | 1865210 | 6727642 | 8592852 | 8592852 | 0 | 100 |
| സംരക്ഷണ ഗ്രാന്റ് നോൺ റോഡ് | 2500474 | 2570398 | 5070872 | 5070872 | 0 | 100 |

| | | | | | | |
|---|---|---|---|---|---|---|
| 13-ാം ധനകാര്യ കമ്മീഷൻഗ്രാന്റ് | 1825523 | 5510354 | 7335877 | 7335877(TC 2161721) | 0 | 100 |
| പെർഫോമൻസ് ഗ്രാന്റ് | 35159 | ---- | 35159 | 35159 | 0 | 100 |
| എം.എൻ.ആർ.ഇ.ജി.എസ്. | 44250 | 433517 | 477767 | 472478 | 5289 | 99 |
| ബി ഫണ്ട് | ------- | 13552020 | 13552020 | 13552020 | 0 | 100 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതിഅടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതിചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 126 | 50176940 | 105 | 35075810 | 9 | 12 | 70 |

## 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 13.9 ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 4102962 | 2414864 | -1688098 | -41 |
| നികുതിയേതര വരവുകൾ | 879828 | 562465 | -317363 | -36 |
| മറ്റുവരവുകൾ | 6415496 | 6833272 | 417776 | 7 |
| ആകെ | 11398286 | 9810601 | -1587685 | -13.9 |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച | ഗുണഭോക്താക്കളുടെ |
|---|---|---|

| | തുക | എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 357120 | 204 |
| കർഷക തൊഴിലാളി പെൻഷൻ | 967200 | 213 |
| വിധവാ പെൻഷൻ | 6214400 | 1095 |
| വാർദ്ധക്യ കാല പെൻഷൻ | 4115400 | 1202 |
| വികലാംഗ പെൻഷൻ | 1607100 | 304 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 150000 | 6 |
| 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 140800 | 26 |

## 1-9 <u>ക്യാഷ് വെരിഫിക്കേഷൻ</u>

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25-11-2016ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 4431/-രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-10 <u>ആഭ്യന്തര നിയന്ത്രണം</u>

1. തനത് ഫണ്ട്, ബി-ഫണ്ട് വൗച്ചറുകൾ കൃത്യമായി സൂക്ഷിച്ചിട്ടുണ്ട്.

തൻവർഷം വാർഷിക ധനകാര്യ പത്രികയിലെ വരവ് തുകയുമായി ഡി.സി.ബി പൊരുത്തപ്പെടുത്തിയിട്ടുണ്ട്.

2.ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

## 1-11 <u>മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം</u>

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 19-11-2016 | 10/2016 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 02-07-2004 മുതൽ 17-07-2004 വരെ | 1997-2004 | 09/11/04 |

## ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 രസീത് ബുക്കുകളുടെ സൂക്ഷിപ്പ്

നികുതി പിരിവിനായി ഉദ്യോഗസ്ഥർക്ക് വിതരണം ചെയ്യുന്ന രസീത് ബുക്കുകൾ നികുതി പിരിവിന് ഉപയോഗിച്ച് തുടങ്ങുന്നതിൽ കാലതാമസം നേരിടുന്നു. കാലതാമസം ഒഴിവാക്കി രസീത് ബുക്കുകൾ വിതരണം ചെയ്യുന്ന തീയതിയിൽ തന്നെ രസീതു ബുക്കുകൾ ഉപയോഗിച്ച് തുടങ്ങേണ്ടതാണ്. ക്യാൻസൽ ചെയ്യുന്ന എല്ലാ രസീതുകളും സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണ്.

### 2-2 തൊഴിൽ നികുതി

ഗ്രാമ പഞ്ചായത്തിൻെറ പരിധിയിൽ പ്രവർത്തിക്കുന്ന തൊഴിൽ നികുതി ഈടാക്കേണ്ടതായ എല്ലാ സ്ഥാപനങ്ങളുടെയും വിവരങ്ങൾ സൂക്ഷിച്ചുകൊണ്ടുള്ള സ്ഥാപന രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല. സ്ഥാപന രജിസ്റ്റർ പരിപാലിക്കേണ്ടതാണ്. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ബിഎസ്എൻഎൽ, മാർ ഫെലിക്സിനോസ് മെമ്മോറിയൽ പ്രൈവറ്റ് ഐ.റ്റി.ഐ എന്നീ സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി ഡിമാൻറ് ചെയ്യുന്നില്ല. ആയത് ഡിമാൻറ് ചെയ്ത് ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

### 2-3 തൊഴിൽ നികുതി ഈടാക്കിയതിൽ സംഭവിച്ച നഷ്ടം

| ജീവനക്കാരൻെറ പേരും മേൽവിലാസവും | 2015-16രണ്ടാം അർദ്ധവാർഷത്ത ആകെവരുമാനം | ഈടാക്കേണ്ട തുക (രൂപ) | ഈടാക്കിയ തുക (രൂപ) | നികുതി ഈടാക്കിയതിലെ നഷ്ടം (രൂപ) |
|---|---|---|---|---|
| രാധാമണി.കെ നഴ്സിംഗ് സൂപ്രണ്ട് പിഎച്ച്സി,മേലില | 126240 | 1250 | 1000 | 250 |
| അമ്പിളി.ജി.എസ് ഓഫീസ്അറ്റൻഡൻറ് പിഎച്ച്സി, മേലില | 136260 | 1250 | 1000 | 250 |

തൊഴിൽ നികുതി ഈടാക്കിയതിൽ സംഭവിച്ച നഷ്ടം 500/-രൂപ ബന്ധപ്പെട്ട ജീവനക്കാരനിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടേണ്ടതാണ്.

## ഭാഗം-3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 പട്ടികജാതി വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം -കുറഞ്ഞ നിരക്കിലുള്ള ടെണ്ടർ അംഗീകരിച്ചില്ല.

05/1/16 ലെ പഞ്ചായത്തിന്റെ എ7 5000/13-നമ്പറിലുള്ള ദർഘാസ് പരസ്യം ക്രമനം. 2 പ്രകാരം പട്ടികജാതി വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം (പ്രോജക്ട് നം 59/16) എന്ന പദ്ധതിക്കായി വിതരണം നടത്തേണ്ട സൈക്കിളിന്റെ സ്പെസിഫിക്കേഷനിൽ "ആൺകുട്ടികളുടേയും പെൺകുട്ടികളുടേയും സൈക്കിളിന് പ്രത്യേകം വില രേഖപ്പെടുത്തണമെന്നും ബെൽ, ലോക്ക്, സ്റ്റാൻഡ്, ഫ്ലാപ്പ്, അബ് ബ്രഷ്, കാര്യർ, സ്റ്റീൽ ബാസ്കറ്റ്, ചെയിൻകവർ സഹിതം"എന്നു മാത്രമാണ് രേഖപ്പെടുത്തിയിരുന്നത്.

ടി സ്പെസിഫിക്കേഷൻ അംഗീകരിച്ച് ടെണ്ടർ സമർപ്പിച്ചവരിൽ ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത M/s മുരളി സൈക്കിൾ മാർട്ടിന്റെ ടെണ്ടർ അംഗീകരിക്കാതെ അയണിക്കൽ സൈക്കിൾ, ചാത്തന്നൂർ എന്ന സ്ഥാപനത്തിൽ നിന്ന് കൂടിയ നിരക്കിൽ സൈക്കിൾ വാങ്ങിയിരിക്കുന്നു.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| സൈക്കിൾ വാങ്ങിയതിന് ചെലവായ തുക | | കുറഞ്ഞ നിരക്കിൽ വാങ്ങിയിരുന്നുവെങ്കിൽ ചെലവാകുമായിരുന്ന തുക (രൂപ) | | വ്യത്യാസം (രൂപ) |
|---|---|---|---|---|
| ഹെർക്കുലീസ്റോക്കി (ആൺകുട്ടികൾക്ക്) | 25എണ്ണം @4800 =120000 | ഭോഗൽ DNS (ആൺകുട്ടികൾ) | 25എണ്ണം @3375 =84375 | 35625 |
| ലേഡിബേഡ്ഷൈൻ (പെൺകുട്ടികൾ) | 30എണ്ണം @4900 =147000 | ഭോഗൽ DNS (പെൺകുട്ടികൾ) | 30 എണ്ണം @3595 =107850 | 39150 |
| ആകെ | 267000 | | 192225 | 74775 |

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ ടി പദ്ധതിക്കായി വികസനഫണ്ട് എസ്.സി.പി യിൽ നിന്നും ബിൽനം. 10/15-16/29-03-16 പ്രകാരം 267000/- രൂപ പിൻവലിച്ച് ചെലവഴിച്ചിരിക്കുന്നു. കുറഞ്ഞ നിരക്കിലുള്ള ടെണ്ടർ അംഗീകരിക്കാതിരുന്നതിനുള്ള കാരണം വ്യക്തമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് 26-11-16ൽ ഓഡിറ്റ് എൻക്വറി (നം.8) നൽകിയിരുന്നതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. കുറഞ്ഞ നിരക്കിലുള്ള ക്വട്ടേഷൻ അംഗീകരിക്കാതിരിക്കുന്നതിനുള്ള കാരണം വിശദീകരിക്കേണ്ടതാണ്. ആയതിനാൽ സൈക്കിൾ വാങ്ങുന്നതിനായി അധികമായി ചെലവഴിച്ച 74775/- രൂപയുടെ ചെലവ് നിരാകരിക്കുന്നു. തുക ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ടെൻഡർ അംഗീകരിച്ച ഭരണ സമിതി അംഗങ്ങളിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

## 3-2 ഉയർന്ന നിരക്ക് അംഗീകരിച്ച് പർച്ചേസ് നടത്തിയതു മൂലം പഞ്ചായത്ത് ഫണ്ടിന് നഷ്ടം

05-01-16 ലെ എ7:5000/13 നമ്പർ ദർഘാസ് പരസ്യം പ്രകാരം പ്രോജക്ട് നം 62/16- പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനോപകരണ വിതരണം എന്ന അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ പദ്ധതിക്കായി വിതരണം നടത്തേണ്ട ഉപകരണങ്ങൾക്കുള്ള സ്പെസിഫിക്കേഷൻ ചുവടെ ചേർക്കും പ്രകാരമാണ്.

1.സ്റ്റീൽ ടേബിൾ-Novappam Top in size 48x24x3/4 inch with one drawer one cupboard in 20 guage inscribe in .5mm on the top of the table by using white colour paint.

2.Plastic chair with arm.

A)എന്നാൽ പഞ്ചായത്ത് ദർഘാസിൽ സൂചിപ്പിച്ചിരുന്ന സ്പെസിഫിക്കേഷനിൽ ഉൾപ്പെട്ടിട്ടില്ലാത്ത "സ്റ്റീൽ ടേബിൾ-Novappam Top in size 48x24x3/4 inch with one drawer one cupboard in 20 guage.inscribe in.5mm on the top of the table by using white colour paint with powder coated painting" എന്ന സ്പെസിഫിക്കേഷനിലുള്ള ടേബിളിന് 2390/- രൂപ നിരക്കിൽ ക്വാട്ട് ചെയ്ത ശബരി സ്റ്റീൽ ഫർണീച്ചർ, കൊട്ടാരക്കര എന്ന സ്ഥാപനത്തിൽ നിന്നും 2350/- രൂപ നിരക്കിൽ പർച്ചേസ് നടത്തിയിരിക്കുന്നു. പഞ്ചായത്തിൻെറ ദർഘാസിൽ സൂചിപ്പിച്ചിരുന്ന ഇനത്തിന് ഏറ്റവും കുറഞ്ഞ നിരക്കായ 2025/- രൂപ (എല്ലാ നികുതികളും ഉൾപ്പെടെ) ടി സ്ഥാപനം ക്വാട്ട് ചെയ്തിരുന്നുവെങ്കിലും ആയത് പരിഗണിച്ചില്ല. 55 മേശകളാണ് 2350/-രൂപ നിരക്കിൽ 21-03-16 ലെ ബിൽ നം 082 പ്രകാരം വാങ്ങിയിട്ടുള്ളത്. ദർഘാസിൽ സൂചിപ്പിച്ചിരുന്ന ഇനം വാങ്ങാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം8/26-11-16) മറുപടി ലഭിച്ചിട്ടില്ല. ദർഘാസിൽ ഉൾപ്പെട്ടിട്ടില്ലാത്ത ഇനം പർച്ചേസ് ചെയ്തതു മൂലം 17875/-രൂപ [129250 (2350x55)-111375(2025x55)] അധികമായി ചെലവഴിക്കേണ്ടി വന്നിരിക്കുന്നത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

B)" Plastic chair with arm" എന്ന സ്പെസിഫിക്കേഷൻ മാത്രമാണ് കസേരയ്ക്ക് ദർഘാസിൽ ഉൾപ്പെടുത്തിയിരുന്നത്. ശബരി സ്റ്റീൽ ഫർണീച്ചർ, കൊട്ടാരക്കര സമർപ്പിച്ച ടെണ്ടറിൽ

നീൽകമൽ ബ്രാൻഡ് കസേരയുടെ വിവിധ മോഡലുകളുടെ വിലവിവരം ക്വാട്ട് ചെയ്തിരുന്നതിൽ ഏറ്റവും കുറഞ്ഞ നിരക്കായ (377/-രൂപ) പരിഗണിക്കാതെ ഉയർന്ന നിരക്കിലുള്ള (435/-നിരക്കിൽ) കസേരയാണ് വാങ്ങിയിരിക്കുന്നത്. കുറഞ്ഞ നിരക്കിലുള്ള കസേര വാങ്ങാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.8/26-11-16) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ കൂടിയ നിരക്കിലുള്ള കസേര വാങ്ങിയതു മൂലം അധികമായി ചെലവഴിച്ച 6380/-[47850(435x110)-41470(377x110)] രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

ടി പദ്ധതിയുടെ നിർവ്വഹണത്തിൽ അധികമായി ചെലവഴിച്ച 24255/-രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ദർഘാസ് അംഗീകരിച്ച കമ്മിറ്റി അംഗങ്ങളിൽ നിന്നും തുല്യമായി ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്ക് വരുത്തേണ്ടതാണ്.

## 3-3 ആശ്രയ ഫണ്ട് ചെലവഴിച്ചിട്ടില്ല

ആശ്രയ പദ്ധതിയിലെ ഗുണഭോക്താക്കൾക്ക് ഭക്ഷ്യധാന്യം വിതരണം ചെയ്യുന്നതിനായി അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ പദ്ധതിയാണ് ആശ്രയ(പ്രോജക്ട് നം. 74/16). വികസനഫണ്ട് (എസ്.സി.പി)-യിൽ നിന്നും 50000/-രൂപ ബിൽ നം 5/15-16 /16-02-16 പ്രകാരം പിൻവലിച്ച് ഭക്ഷ്യധാന്യ വിതരണത്തിനായി കുടുംബശ്രീ സി.ഡി.എസ്സിന് ഡി.ഡി. നം 552948/24-02-16 പ്രകാരം കൈമാറിയിട്ടുണ്ട്. എന്നാൽ നാളിതുവരെ ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് ഭക്ഷ്യ ധാന്യ വിതരണം നടത്തിയിട്ടില്ല. ഓഡിറ്റ് എൻക്വയറി നം. 8/26-11-16 പ്രകാരം വിശദീകരണം ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. സമൂഹത്തിലെ തികച്ചും നിരാലംബരായ ആളുകൾക്ക് വേണ്ടി തയ്യാറാക്കിയ ടി പദ്ധതി പ്രകാരം പിൻവലിച്ച തുക നാളിതുവരെ ചെലവഴിക്കാതെ സൂക്ഷിച്ചിരിക്കുന്നത് ഗുരുതരമായ കൃത്യവിലോപമായി ഓഡിറ്റിൽ വിലയിരുത്തുന്നു. ചെലവഴിക്കാതെ കുടുംബശ്രീ സി.ഡി.എസ്സിന്റെ അക്കൗണ്ടിൽ (അക്കൗണ്ട് നം 902636327- ഇൻഡ്യൻ ബാങ്ക്, ചെങ്ങമനാട് ബ്രാഞ്ച്) സൂക്ഷിച്ചിരിക്കുന്ന തുക അർഹരായവർക്കുവേണ്ടി ഉപയോഗിക്കുന്നതിനുള്ള സത്വരനടപടികൾ സ്വീകരിക്കേണ്ടതാണ്. നാളിതുവരെ ഉപയോഗിക്കാതിരിക്കുന്ന 50000/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-4 സ്കൂൾ പ്രവേശനോൽസവം ചെലവ് രേഖകൾ ഹാജരാക്കിയില്ല - 5000/- രൂപ തടസ്സപ്പെടുത്തുന്നു.

01.06.2015ൽ ഗവ.യു.പി.എസ്സ്, മേലിലയിൽ വച്ച് നടന്ന സബ് ജില്ലാ സ്കൂൾ പ്രവേശനോത്സവവുമായി ബന്ധപ്പെട്ട് ഹെഡ്മാസ്റ്റർ കൈപ്പറ്റിയ 5000/- രൂപയുടെ (ചെക്ക്നം.108243തീയതി,03.06.2015) ചെലവ് രേഖകൾ ഓഡിറ്റിന് ഹാജരാക്കിയില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.4(2)തീയതി. 24.11.2016) പരിശോധനാ തീയതിക്കുള്ളിൽ തന്നെ ചെലവ് രേഖകൾ ഹാജരാക്കുമെന്ന മറുപടിയാണ് ലഭിച്ചത്. എന്നാൽ ചെലവ് രേഖകൾ ഹാജരാക്കിയില്ല. ആയതിനാൽ 5000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-5 മേൽക്കൂര നവീകരണം -പദ്ധതി നടത്തിപ്പിനുള്ള പണം പിൻവലിക്കലുകളിൽ അപാകത

പ്രോജക്ട് നം-58/16 മേൽക്കൂര നവീകരണം എന്ന പദ്ധതി അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ പദ്ധതിയാണ്. ടി പദ്ധതിക്കായി എസ്.സി.പി ഫണ്ടിൽ നിന്നും 1706500/- രൂപ പിൻവലിച്ചതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ബിൽ നം.2/15-16/19-01-16 | 300000/- |
|---|---|---|
| 1 | ബിൽ നം.3/15-16/29-01-16 | 120000/- |
| 2 | ബിൽ നം.4/15-16/16-02-16 | 200000/- |
| 3 | ബിൽ നം.6/15-16/11-03-16 | 135000/ |
| 4 | ബിൽ നം.8/15-16/11-03-16 | 154000/- |
| 5 | ബിൽ നം.9/15-16/23-03-16 | 114000/- |
| 6 | ബിൽ നം.13/15-16/28-03-16 | 482500/- |
| 7 | ബിൽ നം .14/15-16/31-03-16 | 201000/- |

പണം പിൻവലിക്കലുകളിലും പദ്ധതി നടത്തിപ്പിലുമുള്ള അപാകതകൾ ചുവടെ ചേർക്കുന്നു.

1.ട്രഷറി ബില്ലുകൾ പ്രകാരം 1706500/-രൂപ പിൻവലിച്ചിട്ടുണ്ടെങ്കിലും സുലേഖ ചെലവ് പത്രിക പ്രകാരം 1705500/-രൂപയും തുക വിതരണ രജിസ്റ്റർ പ്രകാരം 1705000/-രൂപയുമാണ് ചെലവ് കാണിച്ചിട്ടുള്ളത്. ട്രഷറിയിൽ നിന്നും പിൻവലിച്ച തുകയും ചെലവഴിച്ച തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

2.ട്രഷറിയിൽ നിന്നും തുക പിൻവലിക്കുന്നതിനായി ബില്ലിനൊപ്പം ഉൾപ്പെടുത്തിയിരിക്കുന്ന ഗുണഭോക്താക്കൾ, തുക എന്നിവ പ്രകാരമല്ല തുക വിതരണം നടത്തിയിരിക്കുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

a) I-ാം വാർഡിലെ ശ്രീമതി. ഓമന.കെ, പാറവിള എന്ന ഗുണഭോക്താവിന്റെ അപേക്ഷയോടൊപ്പമുള്ള വാല്യൂവേഷൻ സർട്ടിഫിക്കറ്റ് പ്രകാരം 18000/-രൂപയുടെ പ്രവൃത്തി ആണ് നടത്തിയിരിക്കുന്നത്. 11-03-16-ൽ മാറിയ 1,54,000/-രൂപയിൽ നിന്നും 12000/-രൂപ നൽകിയിരുന്നു. ബിൽ നം 13/16/28-03-16 പ്രകാരം പിൻവലിച്ച 482500/-രൂപയിൽ നിന്നും 13000/-രൂപ ടിയാരിക്കായി പിൻവലിച്ചിട്ടുണ്ട്. എന്നാൽ 6000/- രൂപ മാത്രമാണ് ടി ഗുണഭോക്താവ് കൈപ്പറ്റിയിരിക്കുന്നത്. ബാലൻസ് തുകയുടെ

വിശദാംശം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

b) മൂന്നാം വാർഡിലെ ശ്രീമതി. സരസമ്മ, പനയ്ക്കൽ വീട് എന്ന ഗുണഭോക്താവ് ആകെ 15000/-രൂപയുടെ പ്രവൃത്തിയാണ് മേൻക്കൂര നവീകരണത്തിനായി നടത്തിയിട്ടുള്ളതെന്ന് എൽ.എസ്.ജി.ഡി ഓവർസിയർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ബിൽ നം 4/16-02-16 പ്രകാരം 10000/-രൂപ പിൻവലിച്ച് നൽകിയിട്ടുണ്ട്. ബിൽ നം 13-ൽ നിന്നും 13000/-രൂപയും ബിൽ നം 13/28-03-16 പ്രകാരം 3000/-രൂപയും പിൻവലിച്ചിട്ടുണ്ട്. 28-03-16 തീയതിയിൽ പിൻവലിച്ച 3000/-രൂപ ടിയാരി കൈപ്പറ്റിയിട്ടുണ്ട്. ബിൽ നം 13-ൽ നിന്നും പിൻവലിച്ച തുകയുടെ കൈപ്പറ്റ് വിവരം ഇല്ല.ടി തുക തിരിച്ചടച്ചതിന്റെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

c).മൂന്നാം വാർഡിലെ ജഗദമ്മ,സുനിൽഭവന വേണ്ടി ബിൽ നം 13 പ്രകാരം 17000/-രൂപ പിൻവലിച്ചിട്ടുണ്ടെങ്കിലും 12000/-രൂപയുടെ കൈപ്പറ്റ് വിവരം മാത്രമാണുള്ളത്.ബാക്കി 5000/-രൂപയുടെ വിശദാംശം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

d).മൂന്നാം വാർഡിലെ ശ്രീ.ബാബു.കെ, നാരങ്ങാവിളവീട് എന്ന ഗുണഭോക്താവ് 25000/-രൂപ മൂല്യത്തിനുള്ള പ്രവൃത്തി നടത്തിയിട്ടുണ്ടെന്ന് എൽ.എസ്.ജി.ഡി. ഓവർസിയർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.ബിൽ നം 3 പ്രകാരം 12000/- രൂപയും ബിൽ നം 9 പ്രകാരം 5000/-രൂപയും പിൻവലിച്ചത് ടി ഗുണഭോക്താവ് കൈപ്പറ്റിയിട്ടുണ്ട്.ബിൽ നം 13 പ്രകാരം 8000/-രൂപ ടിയാരിക്കായി പിൻവലിച്ചിട്ടുണ്ടെങ്കിലും ടി തുകയുടെ കൈപ്പറ്റ് വിവരം ഇല്ല.

e).വാർഡ് ആറിലെ ഗിരിജ.സി,മോന്തൻകോട് ചരിവുവിള വീട് എന്നയാൾക്ക് ബിൽ നം 8 പ്രകാരം 12500/- രൂപ പിൻവലിച്ച് നൽകിയിട്ടുണ്ട്.ബിൽ നം 13 പ്രകാരം 13000/-രൂപ കൂടി ടിയാരിക്ക വേണ്ടി പിൻവലിച്ചിട്ടുണ്ടെങ്കിലും ടി തുകയുടെ കൈപ്പറ്റ് വിവരം ഇല്ല.

f)ചെല്ലപ്പൻ, ചരിവുകാലാ മേലേതിൽ (വാർഡ് 7)- ടിയാന്റെ അപേക്ഷയോടൊപ്പം പ്രവൃത്തിയുടെ വാല്യുവേഷൻ സർട്ടിഫിക്കറ്റ് ഇല്ല.ബിൽ നം 8പ്രകാരം 12500/-രൂപ പിൻവലിച്ച് നൽകിയിട്ടുണ്ട്. ബിൽ നം. 13 പ്രകാരം 13000/-രൂപ പിൻവലിച്ചുവെങ്കിലും 12500/-രൂപയാണ് നൽകിയിരിക്കുന്നത്. ബാക്കി 500/-രൂപയുടെ തിരിച്ചടവിന്റെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

g)ഏഴാം വാർഡിൽ നിന്നുമുള്ള കാർത്തിക, രാജലക്ഷ്മിഭവൻ-എന്ന ഗുണഭോക്താവും പ്രവൃത്തിമൂല്യം തെളിയിക്കുന്ന സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.ബിൽ നം 2 പ്രകാരം 12000/-രൂപ പിൻവലിച്ച് നൽകിയിട്ടുണ്ട്. ബിൽ നം 13പ്രകാരം 13000/-രൂപ പിൻവലിച്ചിട്ടുണ്ടെങ്കിലും കൈപ്പറ്റ് വിവരം ഇല്ല.

h) വാർഡ് നം 12ലെ കുഞ്ഞുപിള്ള, മുകളിൽ വീട് എന്ന ഗുണഭോക്താവും പ്രവൃത്തി മൂല്യം സാക്ഷ്യപ്പെടുത്തി ഹാജരാക്കിയിട്ടില്ല. ബിൽനം.6 പ്രകാരം 12000/-രൂപ പിൻവലിച്ച് നൽകിയിട്ടുണ്ട്. ബിൽനം. 13 പ്രകാരം 13000/-രൂപ പിൻവലിച്ചിട്ടുണ്ടെങ്കിലും 6000/-രൂപയുടെ കൈപ്പറ്റ് മാത്രമാണുള്ളത്.

9.പതിമൂന്നാം വാർഡിൽ നിന്നുമുള്ള അമ്മുക്കുട്ടി, കൊച്ചുവിളവീട്, നടുക്കുന്ന് എന്ന ഗുണഭോക്താവിന് 31-03-16 ൽ (ബിൽനം. രേഖപ്പെടുത്തിയിട്ടില്ല) 25000/-രൂപ ലഭിച്ചതായി കൈപ്പറ്റ് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ടിയാരിക്ക വേണ്ടി ഒരു ബില്ല്

പ്രകാരവും തുക പിൻവലിച്ചിട്ടില്ല. ബിൽ നം.14 പ്രകാരം ദേവകി, കൊച്ചുവിളവീട് എന്ന ഗുണഭോക്താവിനായി തുക പിൻവലിച്ചിട്ടുണ്ടെങ്കിലും ടിയാരി അംഗീകൃത ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടതല്ല. ടി ഗുണഭോക്താവ് തുക കൈപ്പറ്റിയിട്ടുമില്ല. വിജയൻ, വിദ്യാ ഭവൻ എന്ന ഗുണഭോക്താവിനും ബിൽ നം.14 പ്രകാരം 25000/-രൂപ പിൻവലിച്ചിട്ടുണ്ട്. ടിയാനും അംഗീകൃത ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടയാളല്ല, തുക കൈപ്പറ്റിയിട്ടുമില്ല.

ഗുണഭോക്താവ് പ്രവൃത്തി പൂർത്തീകരിച്ച് വരുന്ന മുറയ്ക്കല്ല തുക പിൻവലിച്ചിരിക്കുന്നത്. ജി.ഒ(പി) 177/2006/ധന/12.04.2006 നമ്പർ ഉത്തരവ് പ്രകാരെ യഥാർത്ഥ ചെലവിനനുസൃതമായിട്ടാണ് ട്രഷറിയിൽ നിന്നും തുക പിൻവലിക്കേണ്ടത്. പ്രവൃത്തിയുടെ മൂല്യനിർണ്ണയം നടത്തിയതിന് ശേഷം ഗുണഭോക്താക്കൾക്ക് അർഹമായ തുക പിൻവലിക്കുന്നതിന് പകരം മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി തുക പിൻവലിച്ചിരിക്കുന്നത് ഗുരുതരമായ ക്രമക്കേടായി ഓഡിറ്റ് നിരീക്ഷിക്കുന്നു.

## 3-6 ശാരീരിക-മാനസിക വൈകല്യമുള്ള കുട്ടികൾക്ക് അർഹമായ ആനുകൂല്യം നൽകുന്നില്ല

ഐ.സി.ഡി.എസ്സ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ പ്രോജക്ട് നം 71/16 -ശാരീരിക മാനസിക വൈകല്യമുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ് എന്ന പദ്ധതിക്കായി വികസനഫണ്ടിൽ നിന്നും 72500/- രൂപ, ബിൽനം. 6/16/15-03-16 പ്രകാരം പിൻവലിച്ച് ചെലവഴിച്ചിട്ടുണ്ട്. ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളിൽ നിന്നും 50:25:25എന്ന അനുപാതത്തിൽ ടി പദ്ധതിക്കായി തുക വകയിരുത്തണമെന്ന് പദ്ധതി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും ബ്ലോക്ക് പഞ്ചായത്ത് വിഹിതം പദ്ധതി നിർവ്വഹണത്തിനായി ലഭിച്ചിട്ടില്ല.

ആകെ 36 കുട്ടികൾക്ക് സ്കോളർഷിപ്പ് അനുവദിച്ചതിൽ 18 പേർ ശാരീരികമായും 18 പേർ മാനസികമായും വൈകല്യമുള്ള കുട്ടികളാണ്. മാനസിക വൈകല്യമുള്ള കുട്ടികൾക്ക് പ്രതിമാസം 1000/-രൂപ നിരക്കിലും ശാരീരിക വൈകല്യമുള്ള കുട്ടികൾക്ക് പഠിക്കുന്ന ക്ലാസ്സിന്റെ അടിസ്ഥാനത്തിലുമാണ് സ്കോളർഷിപ്പിന് അർഹതയുള്ളത്. സ്കോളർഷിപ്പിന് അർഹരായ എല്ലാ കുട്ടികൾക്കും അർഹമായ സ്കോളർഷിപ്പ് ലഭിച്ചിട്ടില്ല. ഏതാനം ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| കുട്ടിയുടെ പേര് | വൈകല്യം | ക്ലാസ്സ് | അനുവദിച്ച തുക | അർഹമായ തുക |
|---|---|---|---|---|
| അക്സ മേരി ബിജു | മാനസികം | | 4125 | 12000 |
| ലിവിൻ വർഗ്ഗീസ് | ശാരീരികം | VHSE | 2475 | 8000 |
| എബിൻ.എം.എ | മാനസികം | | 4125 | 12000 |
| ജെറിൻ.കെ.അലക്സ് | മാനസികം | | 4125 | 12000 |

| | | | | |
|---|---|---|---|---|
| റോഷിയ ജോൺ | മാനസികം | | 4125 | 12000 |
| ക്രിസ്റ്റീന സാറാ ഷിബു | മാനസികം | | 4125 | 12000 |
| ദിവ്യ അരവിന്ദ് | ശാരീരികം | ബിരുദം | 3375 | 10600 |
| ബിബിൻ ബൈജു | മാനസികം | | 4125 | 12000 |
| ടോണി തോമസ് | ശാരീരികം | IX | 2475 | 8000 |
| സേതുമോൻ | ശാരീരികം | VIII | 2025 | 6600 |

ബ്ലോക്ക് പഞ്ചായത്തിൽ നിന്നുള്ള വിഹിതം കൂടി പദ്ധതി നടപ്പിലാക്കുമ്പോൾ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ കുട്ടികൾക്ക് അർഹമായ സ്കോളർഷിപ്പ് അനുവദിച്ച് പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ തുക വകയിരുത്തുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

## 3-7 <u>മരുന്ന് ലഭിച്ചിട്ടില്ല</u>

പ്രോജക്ട് നം.11/16- മേലില ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ എന്ന പദ്ധതിക്കായി മെയിന്റനൻസ് ഗ്രാന്റ് റോഡിതരത്തിൽ നിന്നും 100000/-രൂപ, ബിൽ നം. 1/15-16/19-02-16 പ്രകാരം പിൻവലിച്ച് കേരള സ്റ്റേറ്റ് ഹോമിയോപ്പതിക്ക് കോ-ഓപ്പറേറ്റീവ് ഫാർമസിക്ക് നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെ മരുന്നുകൾ ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ടി ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ജീവൻ രക്ഷാ മരുന്നുകൾ യഥാസമയം ലഭ്യമാക്കാത്തത് ഗുരുതരമായ വീഴ്ചയാണ്. മരുന്നുകൾ എത്രയും വേഗം ലഭിക്കുന്നതിനുള്ള സത്വര നടപടികൾ നിർവ്വഹണ ഉദ്യോഗസ്ഥനായ മെഡിക്കൽ ഓഫിസർ, ഹോമിയോ സ്വീകരിക്കേണ്ടതാണ്.

## 3-8 <u>ഇൻക്രിമെൻറ് കുടിശ്ശിക-അധികം തുക കൈപ്പറ്റി.</u>

